ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്—മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി നവീകരിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 31-1-2005 വരെ 23,052 രൂപ ചെലവഴിച്ചിട്ടുണ്ട്.

അനർട്ട്—ആകെ പത്തുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആറു കോടി രൂപ അനർട്ടിന്റെ കീഴിലുള്ള പദ്ധതികൾക്കും നാലു കോടി രൂപ സംയോജിത ഗ്രാമ ഉർജ്ജ പദ്ധതി (ഐ.ആർ.ഇ.പി.) പദ്ധതികൾക്കുമാണ്. ഇതിൽ യഥാക്രമം 21.44 ലക്ഷം രൂപയും 53.45 ലക്ഷം രൂപയും ചെലവഴിച്ചു.

എനർജി മാനേജ്മെന്റ് സെന്റർ—വിവിധ തരം ഉർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 57 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 24.21 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) നൂറ് ദിന കർമ്മ പരിപാടിയിൽ ഊർജ്ജ വകുപ്പിൽ 1.5 ലക്ഷം പുതിയ കണക്ഷനുകൾ നൽകുന്നതിനും, ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള 15,000 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുന്നതിനും 20 സബ്സ്റ്റേഷനുകൾ, 500 ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും, ആക്സിലറേറ്റഡ് പവ്വർ ഡെവലപ്പ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം എന്ന കേന്ദ്ര പദ്ധതി പ്രകാരം 124 കോടി രൂപ ചെലവ് വരുന്ന വികസന പ്രവർത്തനങ്ങൾ 26 പട്ടണങ്ങളിൽ തുടങ്ങുന്നതിനും ലക്ഷ്യമിട്ടിരുന്നു. ബഡ്ജറ്റിൽ നേരത്തെ വകയിരുത്തിയിരുന്ന തുകയിൽ നിന്നാണ് നൂറ് ദിന കർമ്മ പരിപാടിക്ക് തുക ചെലവഴിച്ചത്.

(ഡി) ഈ കാലയളവിൽ 1,93,219 സർവ്വീസ് കക്ഷനുകളും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 43,179 കണക്ഷനുകളും നൽകി. 1002 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 21 പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചു. കൂടാതെ എ.പി.ഡി.ആർ.പി. (APDRP)പദ്ധതി പ്രകാരം 26 പട്ടണങ്ങളിൽ വികസന പ്രവർത്തനങ്ങൾ തുടങ്ങി വച്ചു.

വൈദ്യുതിമേഖലയുടെ വികസനം സ്തംഭിക്കാതിരിക്കാൻ നടപടി

7 [1095] ശ്രീ. എം. പി. ഗംഗാധരൻ :

,, പി. ടി. തോമസ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. പി. ശങ്കരൻ :

,, കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്മിഷൻ. ഡിസ്ട്രിബ്യൂഷൻ, ലൈൻ ദീർഘിപ്പിക്കുക, കണക്ഷൻ നൽകുക മുതലായവയ്ക്ക് വൈദ്യുതി ബോർഡിന് പ്രതിവർഷം എന്തു തുകയ്ക്കുള്ള മെറ്റീരിയൽസ് ആവശ്യമാണ് ;

(ബി) പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തു തുകയ്ക്കുള്ള മെറ്റീരിയൽസ് ആവശ്യമുണ്ട് ;

(സി) ഇവ സംഭരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തുവോ ;

(ഡി) മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ട് പുതിയ കണക്ഷൻ കൊടുക്കുക, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, ലൈനുകൾ വികസിപ്പിക്കുക മുതലായ പണികൾക്ക് സ്തംഭനമുണ്ടാകാതിരിക്കുവാൻ മുൻകരുതലെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 2003-04 സാമ്പത്തിക വർഷത്തിൽ ട്രാൻസ്മിഷൻ മേഖലയിൽ 59,50,28,021 രൂപയ്ക്കും വിതരണമേഖലയിൽ 149,90,62,520 രൂപയ്ക്കും സാധനസാമഗ്രികളുടെ ഓർഡർ നൽകിയിട്ടുണ്ട്.

2004-05 സാമ്പത്തിക വർഷത്തിൽ ട്രാൻസ്മിഷൻ മേഖലയിൽ 31-3-2005 വരെ 38,43,76,655 രൂപയ്ക്കും വിതരണ മേഖലയിൽ 31-3-2005 വരെ 249,53,28,916 രൂപയ്ക്കും മെറ്റീരിയൽസ് ആവശ്യമുണ്ട്.

(സി) ചെയ്തിട്ടുണ്ട്.

(ഡി) വേണ്ട മുൻകരുതലെടുക്കുന്നുണ്ട്.

ഗാർഹിക ആവശ്യത്തിന് ഭൂമിക്കടിയിലൂടെ കേബിൾ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ

8 [1096] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ആവശ്യത്തിന് ഭൂമിക്കടിയിലൂടെ കേബിൾ ഉപയോഗിച്ചു വൈദ്യുതി കണക്ഷൻ നൽകാറുണ്ടോ ; എന്നു മുതലാണ് ആയത് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഭൂമിക്കടിയിലൂടെ കേബിൾ ഉപയോഗിച്ചു ഗാർഹിക ആവശ്യത്തിന് വൈദ്യുതി നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ലെങ്കിൽ എന്നു മുതലാണ് ആയത് നിർത്തൽ ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ കണക്ഷൻ നൽകി ഉത്തരവ് നൽകിയാൽ പിന്നെ ആരാണ് നടപടി പൂർത്തികരിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഇത്തരത്തിൽ ഉത്തരവ് നൽകിയാൽ ആയത് എത്ര ദിവസത്തിനുള്ളിൽ പൂർത്തികരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരത്തിൽ ഉത്തരവായിട്ടുള്ള എത്ര കേസ്സുകൾ ഇപ്പോൾ പെൻഡിംഗിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിൽ എല്ലാ സ്ഥാപനങ്ങളിലും ഭൂമിക്കടിയിലൂടെ കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഈ പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ ആന്റ് ബി) 16-2-2001 മുതൽ കേബിൾ ഉപയോഗിച്ചു വൈദ്യുതി നൽകി വരുന്നുണ്ട്. ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I-III ആയി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly